## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 810

24.07.2012-ലെ മറുപടിയ്ക്ക്

### ത്രിവേണി ഗസ്റ്റ് ഹൗസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. റ്റി. ബൽറാം<br>,, ആർ. സെൽവരാജ്<br>,, അൻവർ സാദത്ത്<br>,, ഡൊമിനിക് പ്രസന്റേഷൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് ടൂറിസം കേന്ദ്രങ്ങളിലും തീർത്ഥാടന കേന്ദ്രങ്ങളിലും ത്രിവേണി ഗസ്റ്റ് ഹൗസുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ; | (എ) ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ ഭക്ഷണവും താമസ സൗകര്യവും ലഭ്യമാക്കുന്നതിനുദ്ദേശിച്ച സംസ്ഥാനത്തെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളോടനുബന്ധിച്ചും, തീർത്ഥാടന കേന്ദ്രങ്ങളോടനുബന്ധിച്ചും ത്രിവേണി ഗസ്റ്റ് ഹൗസ് ശൃംഖല ആരംഭിക്കുന്നതിന് കൺസ്യൂമർ ഫെഡറേഷൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) ആദ്യ ഘട്ടത്തിൽ എവിടെയൊക്കെയാണ് ഇത്തരം ഗസ്റ്റ് ഹൗസുകൾ ആരംഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) ഗുരുവായൂർ ക്ഷേത്ര പരിസരത്ത് ആദ്യത്തെ ഗസ്റ്റ് ഹൗസ് ആരംഭിച്ചു. 10 പേർക്ക് താമസിക്കാൻ സൗകര്യമുള്ള ഡോർമിറ്ററിയും മറ്റൊരു എ.സി.റൂമും ഇവിടെയുണ്ട്. ഗുരുവായൂർ ക്ഷേത്ര ദർശനത്തിന് എത്തിച്ചേരുന്ന ഭക്തജനങ്ങളെ ഉദ്ദേശിച്ചു കൊണ്ടാണ് ഇത്തരം ഒരു ഗസ്റ്റ് ഹൗസ് ഗുരുവായൂരിൽ ആരംഭിച്ചിട്ടുള്ളത്. |
| (സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ? | (സി) സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലെല്ലാം ഗസ്റ്റ് ഹൗസുകൾ ആരംഭിക്കണമെന്നാണ് കൺസ്യൂമർഫെഡറേഷന്റെ നയം. എന്നാൽ സ്ഥലം ലഭ്യമാകുന്ന മുറയ്ക്കു മാത്രമേ ഗസ്റ്റ് ഹൗസുകളുടെ പ്രവർത്തനം ആരംഭിക്കാൻ ഫെഡറേഷനു സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ